(സി) സർക്കാർ കെട്ടിടങ്ങളുടെയും പാലങ്ങളുടെയും രൂപകൽപ്പനയും സ്ട്രക്ച്ചറൽ ഡിസൈനും ഔട്ട്സോഴ്സ് ചെയ്യുവാൻ തീരുമാനമെടുത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഔട്ട്സോഴ്സ് ചെയ്ത കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I-ലും പാലങ്ങളുടെ വിവരങ്ങൾ അനുബന്ധം II-ലും നൽകിയിട്ടുണ്ട്.* 69,53,818 രൂപ നൽകിയിട്ടുണ്ട്. 107,22,001 രൂപ ബാക്കി നൽകാനുണ്ട്.

(ബി) നൽകിയിട്ടില്ല.

(സി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഡിസൈനും മറ്റും തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തിൽ നില വിലുള്ള പരിമിതികൾമൂലം കഴിയാതിരുന്ന സാഹചര്യത്തിലാണ് ഔട്ട്സോഴ്സ് ചെയ്തത്.

മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി

215 (1943) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ഒരു മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ വിളിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആരാണ് ടെൻഡർ പിടിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ. ;

(ഡി) ടെൻഡർ പിടിച്ചതിനുശേഷം പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തിക്ക് ധനകാര്യ വകുപ്പിന്റെ അനുമതി എത്ര ദിവസത്തിനകം ലഭ്യമാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) 14-7-2009-ൽ ഹരിപ്പാട് മിനി സിവിൽസ്റ്റേഷന് ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് 25-10-2010-ൽ എസ്റ്റിമേറ്റ് തുകയുടെ 20% അധികരിച്ച തുകയ്ക്ക് ടെണ്ടർ നൽകിയെങ്കിലും ടി തുകയ്ക്ക് നിർമ്മാണ പ്രവൃത്തി ചെയ്യാൻ കോർപ്പറേഷൻ വിസമ്മതിച്ച സാഹചര്യത്തിൽ 23-12-2010-ൽ കൂടിയ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി 29.9% അധിക നിരക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ടി ശുപാർശ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly